പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2816 **28-10-2026-ൽ മറുപടിയ്ക്ക്**

ഉൾനാടൻ ജലാശയങ്ങളുടെ സംരക്ഷണവും മത്സ്യസമ്പത്തിന്റെ വർധനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. ജ്യോതികുമാർ ചാമക്കാല
ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളായ കായലുകൾ, നദികൾ, തോടുകൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണം, അവയിലെ മത്സ്യസമ്പത്തിന്റെ നിലനിൽപ്പും വർധനവും, അനധികൃത മത്സ്യബന്ധനം തടയൽ, മത്സ്യസമ്പത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തൽ, മത്സ്യങ്ങളുടെ പ്രജനനകേന്ദ്രങ്ങളുടെയും സ്വാഭാവിക ആവാസവ്യവസ്ഥകളുടെയും സംരക്ഷണം എന്നിവയ്ക്കായി പഠനങ്ങൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: അതത് ജില്ലാ ഫിഷറീസ് ഓഫീസറുടെ മേൽനോട്ടത്തിൽ ജില്ലകളിലെ ഉൾനാടൻ ജലാശയങ്ങളുടെ പ്രശ്നങ്ങളും അവയുടെ നിലവിലെ അവസ്ഥയും വിലയിരുത്തി അവയുടെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ നിർദ്ദേശിച്ചുകൊണ്ട് സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിലാണ് ഉൾനാടൻ ജലാശയങ്ങൾക്ക് അനുയോജ്യമായ സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത്.

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും സുസ്ഥിരമായി വർധിപ്പിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ആവാസവ്യവസ്ഥാധിഷ്ഠിത മത്സ്യവിഭവ പരിപാലന നടപടികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മത്സ്യ-കക്ക സംരക്ഷിത മേഖലകൾ സ്ഥാപിക്കുകയും നിലവിലുള്ളവ പരിപാലിക്കുകയും ചെയ്യുക, അനുയോജ്യമായ ജലാശയങ്ങളിൽ ശാസ്ത്രീയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുക (Fish Ranching), പ്രജനന-നഴ്സറി ആവാസ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുക, കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുക, ജലാശയങ്ങളിലെ നിയമവിരുദ്ധവും വിനാശകരവുമായ മത്സ്യബന്ധനം തടയുന്നതിനുള്ള നിരീക്ഷണം ശക്തിപ്പെടുത്തുക, മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ബോധവത്കരണം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, തദ്ദേശീയ മത്സ്യയിനങ്ങളുടെ സംരക്ഷണം, മത്സ്യപ്രജനന കേന്ദ്രങ്ങളുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ;

മറുപടി: ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജല ആവാസവ്യവസ്ഥ സംരക്ഷണവും സംയോജിത മത്സ്യവിഭവ പരിപാലനവും എന്ന പദ്ധതി

നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രധാന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യവിഭവ സംരക്ഷണം, ആവാസവ്യവസ്ഥ പുനഃസ്ഥാപനം, മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം, സംരക്ഷിത മേഖലകളുടെ പരിപാലനം, നിരീക്ഷണം, മത്സ്യബന്ധനം സംബന്ധിച്ച നിയമങ്ങളുടെ നടപ്പാക്കൽ, മത്സ്യലഭ്യത വിവരശേഖരണം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

(സി) നിരോധിത മത്സ്യബന്ധന ഉപകരണങ്ങളുടെ ഉപയോഗം, നിയമവിരുദ്ധമായ മത്സ്യബന്ധനം, മത്സ്യങ്ങളുടെ പ്രജനനകാലത്തെ അനിയന്ത്രിതമായ പിടിത്തം എന്നിവ തടയുന്നതിനും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ടോ;

<u>മറുപടി:</u> നിരോധിത മത്സ്യബന്ധന ഉപകരണങ്ങളുടെ ഉപയോഗം തടയുന്നതിനും, നിയമവിരുദ്ധമായ മത്സ്യബന്ധനം തടയുന്നതിനും, മത്സ്യങ്ങളുടെ പ്രജനന കാലത്തെ അനിയന്ത്രിതമായ പിടിത്തം തടയുന്നതിനുമായി അതത് ജില്ലാ ഫിഷറീസ് ഓഫീസറുടെ മേൽനോട്ടത്തിൽ പട്രോളിംഗ് നടത്തുകയും, നിയമലംഘനങ്ങൾക്ക് KIFA നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ നടത്തി പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജലാശയങ്ങളുടെ സംരക്ഷണത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും സമഗ്രമായ പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ശാസ്ത്രീയ മത്സ്യവിഭവ പരിപാലനത്തിലൂടെ ഉൾനാടൻ മത്സ്യോൽപ്പാദനം വർധിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ശക്തിപ്പെടുത്തുക, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇതിനായി മത്സ്യ-കക്ക സംരക്ഷിത മേഖലകൾ, മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം, നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിനുള്ള ഉൾനാടൻ ജലപട്രോളിംഗ്, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം, ബോധവത്കരണ പരിപാടികൾ, മത്സ്യലാൻഡിംഗ് വിവരശേഖരണം എന്നിവ നടപ്പിലാക്കാൻ നിർദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രതീക്ഷിത ഫലമായി പ്രതിവർഷം ഏകദേശം 1,106 ടൺ അധിക ഉൾനാടൻ മത്സ്യോൽപ്പാദനം കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്. 2021-22-ൽ 1.87 ലക്ഷം മെട്രിക് ടൺ ആയിരുന്ന ഉൾനാടൻ ക്യാപ്ചർ ഫിഷ് ഉൽപ്പാദനം 2025-26-ൽ 2.68 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ